**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **17-09-2025 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി ധനസഹായം ഉപയോഗിച്ച് നടപ്പാക്കുന്ന വൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ധനസഹായം ഉപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കപ്പെടുന്ന വൈദ്യുതി പദ്ധതികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; 2025-ൽ പൂർത്തിയായതും നടപ്പിലാവുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി 14 പദ്ധതികളാണ് കിഫ്‌ബി ധനസഹായത്തോടെ കെ സ് ഇ ബി ഏറ്റെടുത്തിട്ടുള്ളത്. അതിൽ 11 പദ്ധതികൾ 2021-2023 ലായി പൂർത്തീകരിച്ചിട്ടുണ്ട്. ശബരി സബ്സ്റ്റേഷൻ ലൈൻസ് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട 220 കെ വി GIS സബ്സ്റ്റേഷന്റെയും അനുബന്ധ 220 കെ വി ലൈനിന്റെയും നിർമ്മാണം 17.07.2025- ന് പൂർത്തീകരിച്ചിട്ടുണ്ട്<br><br>കോലത്തുനാട് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള മുണ്ടയാട്-മയിലാട്ടി 110 കെ വി ലൈൻ 220 കെവി ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവർത്തി, ശബരി സബ്സ്റ്റേഷൻ ലൈൻസ് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള കക്കാട് 220 കെ വി സബ്സ്റ്റേഷനും, സബ്സ്റ്റേഷനിലേക്കുള്ള അനുബന്ധ 220 കെവി ലൈൻ, തൃശ്ശിവപേരൂർ ലൈൻ സ്ട്രെങ്ത്തനിങ് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട വെങ്ങാലൂർ 220 കെ.വി സബ്സ്റ്റേഷനും സബ്സ്റ്റേഷനിലേക്കുള്ള അനുബന്ധ 220 കെ.വി ലൈൻ എന്നീ പദ്ധതികൾ 2025 ൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.<br><br>1. **നിലാവ് പദ്ധതി**<br><br>കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവ് വിളക്കുകൾക്കു പകരമായോ/ പുതിയതായോ **LED** സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാർ അംഗീകരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നിലാവ് പദ്ധതി.<br><br>KIIFB യുടെ സാമ്പത്തിക സഹായത്തോടു കൂടിയാണ് (തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ) പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയാണ് കെ.എസ്.ഇ.ബി.എൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ഓർഡർ പ്രകാരം നിലാവ് പദ്ധതിക്ക് വേണ്ടിയുള്ള LED ബൾബുകളുടെ വാങ്ങലും, ഇൻസ്റ്റാളേഷനും കെ.എസ്.ഇ. ബി.എൽ -ന്റെ ആഭിമുഖ്യത്തിലാണ് നടക്കുക. നൂതനവും സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെണ്ടർ നടപടി കളിലൂടെ LED ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടേയും നിരക്കുകൾ പദ്ധതിയുടെ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റായ EESL കണ്ടെത്തുകയും അങ്ങനെ കണ്ടെത്തിയ നിരക്ക് കെ.എസ്.ഇ.ബി.എൽ-നെ അറിയിക്കുകയും അതനുസരിച്ച് കെ.എസ്.ഇ.ബി.എൽ, PO/LOI EESL-ന് നൽകുകയുമാണ് ചെയ്തു വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതക്കനുസൃതമായാണ് കെ.എസ്.ഇ.ബി.എൽ പ്രസ്തു LED സ്ട്രീറ്റ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും EESL-ൽ നിന്നും വാങ്ങി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കുന്നത്.<br><br>പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 10.5 ലക്ഷം എൽഇഡി സ്ട്രീറ്റ് ലൈറ്റുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതയനുസരിച്ച് 3.72 ലക്ഷം എൽഇഡി സ്ട്രീറ്റ് ലൈറ്റുകൾ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങുകയും അവയിൽ 3,68,635 എൽഇഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ